കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം

## തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ.പി4/1995 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
PIN : 680 020.

Ph.No.0487 2331249

തിയതി : 22.11.2016
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- ആളൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.പി4/1995 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
PIN : 680 020.

Ph.No.0487 2331249

തിയതി:22.11.2016

e-mail: dotsr.ksad@kerala.gov.in

തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.15 മുതൽ 01.11.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ കളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.11.16 മുതൽ 09.11.16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| റസിയ ബീവി.ജെ | ഓഡിറ്റ് ഓഫീസർ |
| ബേബി പി.വി | അസി.ഓഡിറ്റ് ഓഫീസർ |
| സ്റ്റാൻലി പി.എസ് | സീനിയർ ഗ്രേഡ് ഓഡിററർ |
| സോന കെ. സത്യൻ | ഓഡിറ്റർ |

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|

| | |
|---|---|
| റോയ് ജെ കുളത്തിൽ | 01.04.15 മുതൽ 31.10.15 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.15 മുതൽ 18.11.15 വരെ |
| സന്ധ്യ നൈസൻ | 19.11.15 മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | രാജു.എൻ.പി.(ചാർജ്) | 01.04.15 മുതൽ 15.06.15 വരെ |
| | P.A.താജു(ചാർജ്) | 16.06.15 മുതൽ 30.07.15 വരെ |
| | മിനി.കെ | 31.07.15 മുതൽ 29.02.16 വരെ |
| | വേണഗോപാൽ (ചാർജ്) | 01.03.16 മുതൽ 31.03.15 വരെ |
| അസി.സെക്രട്ടറി | രാജു..എൻ.പി | 01.04.15 മുതൽ 15.06.15 വരെ |
| അസി.സെക്രട്ടറി | P.A.താജു | 16.6.15 മുതൽ 31.12.15 വരെ |
| അസി.സെക്രട്ടറി | വേണഗോപാൽ | 01.01.16 മുതൽ 31.03.16 വരെ |
| അസി.എൻജിനീയർ | ഫ്രാൻസീസ് വർഗ്ഗീസ്.സി. | 01.04.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| വി.ഇ.ഒ.,കല്ലേറ്റുംകര | ജയശ്രീ. എം.എസ്. | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ., കുഴിക്കാട്ടുശ്ശേരി | ലേഖ.വി.വി. | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ., ആളൂർ | ഗീത.എൻ.ആർ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മനീഷ | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | മുഹമ്മദ് ഹാരീസ് | 01.04.15 മുതൽ 31.03.16 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ലിസ്സി വർഗ്ഗീസ് | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വിജയകുമാരി. പി. | 01.04.15 മുതൽ 21.09.15 വരെ |
| | സതി.ആർ | 21.09.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ഗ്രേസ് ജോർജ് | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സിസി എ.എൻ | 01.04.15 മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | വിധു വി.എസ് | 01.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | റഗുലറൈസേഷൻ ഫീ ഇനത്തിൽ വരവ് നഷ്ടം | 2-1 |
| 13 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| 14 | ഡി.ആന്റ്.ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു | 2-3 |
| 15 | സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. | 2-4 |

| | | |
|---|---|---|
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 17 | പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടമുറിയിൽ നിന്നും വാടക ലഭിക്കുന്നില്ല | 2-6 |
| | ഭാഗം 3 | |
| 18 | വെള്ളക്കരം - കുടിശ്ശിക അടച്ചിട്ടില്ല –9589586 രൂപ | 3-1 |
| 19 | പൊതുടാപ്പുകളുടെ വിവരം - രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-2 |
| 20 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല. | 3-3 |
| 21 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് മുഴുവനായി നൽകുന്നില്ല. | 3-4 |
| 22 | കുടുംബശ്രീ മീഡിയശ്രീ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 23 | എസ്.സി./എസ്.ടി വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല. | 3-6 |
| 24 | കൈപറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 3-7 |
| 25 | പൊതുമരാമത്തു പ്രവൃത്തികൾ -മാർഗ്ഗ രേഖ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-8 |
| 26 | അംഗൻവാടി പുനരുദ്ധാരണം,പതിക്കാട് അംഗൻവാടി കറന്റ് കണക്ഷൻ (വാർഡ്.16) - വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. | 3-9 |

| | | |
|---|---|---|
| 27 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-10 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.15 തിയതിയിലെ തീരുമാനം (117) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 173783911/- രൂപയും, ചെലവ് 1742447117/- രൂപയും ആണ്. 15-16 ൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ചിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 30.07.16. |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ - അപാകതകൾ

1. വസ്തു നികുതി,പെർമിറ്റ് ഫീ,കെട്ടിട വാടക(കുടിശ്ശിക) , തൊഴിൽ നികുതി എന്നി ഇനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി കണക്കുകൾ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസറ്റർ കാലികമാക്കിയിട്ടില്ല (ആസ്തി സൃഷ്ടിച്ച വർഷം രേഖപ്പടുത്തിയിട്ടില്ല)
3. 2015-16 വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. സാമൂഹ്യ സുരക്ഷ പെൻഷൻ ഡി.ബി.ടി പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. ഫണ്ട് ബാലൻസ് സംബന്ധിച്ച 1 to 7 പ്രൊഫോർമകൾ കൺസോളിഡേറ്റഡ് ഫണ്ടിലെ കണക്കുകൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.പബ്ലിക്ക് അക്കൗണ്ട് കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല.കൂടാതെ 2 മുതൽ 7 വരെയുള്ള പ്രൊഫോർമകളിൽ മുന്നിരിപ്പ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വരവ്,ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹.34850528 |
| വരവ് | ₹.52478208 |
| ആകെ | ₹. 87328736 |
| ചെലവ് | ₹.74086624 |
| നീക്കിയിരിപ്പ് | ₹.13242112 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4997402 | *12663120 | 17660522 | 13566175 | | ** 0 |
| വികസനഫണ്ട് എസ്.സി.പി. | 5279524 | 6023313 | 11302837 | 7226580 | 4076257 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 47000 | 47000 | 47000 | | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ്/ നോൺ റോഡ് | 4458310 | 11010675 | 15468985 | 15468985 | | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4823949 | 12371526 | 17195475 | 13835554 | | 3359921 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3153300 | 7941642 | 11094942 | 7378270 | 3716672 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4870191 | 2336847 | 7207038 | 2336847 | 4870191 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 13717190 | 13717190 | 13714775 | 0 | 2415 |

** വികസനഫണ്ട് പൊതുവിഭാഗം ചെലവഴിക്കാത്ത 4094347/- രൂപ ലാപ്സായി.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 272 | 73379527 | 206 | 51599397 | 6 | 60 | 75.74 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.77% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10820184 | 7544341 | 3275843 | -43.42 |
| നികുതിയേതര വരവുകൾ | 2258086 | 829936 | 1428150 | -172 |
| മറ്റുവരവുകൾ | 11688869 | 14186958 | 2498089 | 17.6 |
| ആകെ | 24767139 | 22561235 | 2205904 | 9.77 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.16 തിയ്യതിയിൽ 4.00pmന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 18744/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി ക്യാഷ് ബാലൻസ് തുക പൊരുത്തപ്പെടുന്നുണ്ട്.

# 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 87360 | 59 |
| കർഷകതൊഴിലാളി പെൻഷൻ | 6270420 | 736 |
| വിധവാപെൻഷൻ | 16938320 | 1625 |
| വാർദ്ധക്യകാല പെൻഷൻ | 16344330 | 1998 |
| വികലാംഗ പെൻഷൻ | 3579175 | 367 |
| 50വയസ്സായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1366000 | 131 |

ക്ഷേമപെൻഷൻ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# 1-10 ആഭ്യന്തരനിയന്ത്രണം.

► രജിസ്റ്ററുകളുടെ പരിപാലനം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. വസ്തുനികുതി ഡിമാന്റ് , കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.ബിൽഡിംഗ് പെർമിറ്റ് റഗുലറൈസേഷൻ ഫീ കളക്ഷൻരജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

4. ഇൻക്യുമ്പൻസി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസറ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല.

5. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

രജിസ്റ്ററുകൾ പൂർണ്ണമായുംകൃത്യമായും എഴുതി സൂക്ഷിക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/10/16,19/10/16 | 9/16 | ഇല്ല |
| അക്കൗണ്ടന്റ് | 05.07.2016 മുതൽ | 2001-02 to | ഇല്ല |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | 20.07.2016 വരെ | 2015-16 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റഗുലറൈസേഷൻ ഫീ ഇനത്തിൽ വരവ് നഷ്ടം

വസ്തു നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ 677.23m$^2$ വാണിജ്യാവശ്യത്തിനായി കെട്ടിടനമ്പർ VII/187, 188 നല്കിയിട്ടുള്ള അശോകൻ നക്കരയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് റഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടുള്ളത് 4063 (677.23x3x2)രൂപയാണ് (രശീതി നമ്പർ. 11509101806/6.06.15). എന്നാൽ ഈടാക്കേണ്ട ഫീ 6772/-(677.23x5x2) രൂപയാണ്. കുറവ് തുകയായ 2709/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അക്കൗണ്ട്സ് പ്രകാരം ഓഡിറ്റ് വർഷം ബിൽഡിംഗ് റഗുലറൈസേഷൻ ഫീ ഇനത്തിൽ 91,704 രൂപ വരവുണ്ട്. ടി ഇനത്തിലുള്ള വരവ് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ, രേഖകൾ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.ആയതിനാൽ ഇത്തരത്തിലുള്ള വരവ് നഷ്ടം കണക്കാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 2-2 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

A4-9/16 /1.02.2016 പെർമിറ്റ് നമ്പർ നൽകിയിരിക്കുന്ന 670.64 m$^2$ വിസ്തീർണ്ണമുള്ള സ്കൂൾ ബിൽഡിംഗിന് പെർമിറ്റ് ഫീ ഈടാക്കിയിരിക്കുന്നത് 2012/-രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്നത് 3353/-(670.64x5) രൂപയാണ്. കുറവ് തുകയായ 1341/-രൂപ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി.ആന്റ്.ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന അബ്കാരി / കള്ള് ഷാപ്പുകൾ ,റീട്ടെയിൽ / റേഷൻ കടകൾ എന്നിവ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് യാതൊരു സ്ഥലവും പഞ്ചായത്ത്

നല്കുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

താഴെ പറയുന്ന സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിലും ഡി. ആന്റ്.ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1. മരിയ ത്രേസ്യ ഹോസ്പിറ്റൽ ,കുഴിക്കാട്ടുശ്ശേരി

2. ജീവതു ആയുർവ്വേദിക് സെന്റർ

3. മോണിങ് സ്റ്റാർ ക്ലിനിക്കൽ ലാബ്

4. അരുൺ ക്ലിനിക്കൽ ലാബോറട്ടറി

5. സേവന ക്ലിനിക്കൽ ലാബോറട്ടറി

6. കെയർ ആന്റ് കെയർ ഡെന്റൽ ക്ലിനിക്ക്

7.മോഡേൺ ക്ലിനിക്ക്

8.ചോയ്സ് ഡെന്റൽ ക്ലിനിക്ക്

9.അമൃത ഹോമിയോ ക്ലിനിക്ക്

10.മരിയ ഡെന്റൽ ലാബ്

കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് യാതൊരു സ്ഥലവും പഞ്ചായത്ത് നല്കുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി. ആന്റ്.ഒ ലൈസൻസ് എടുക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിയ്ക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1.പോസ്റ്റ് ഓഫീസ് ,കുഴിക്കാട്ടുശ്ശേരി രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. താഴേക്കാട് സെന്റ്.സെബാസ്റ്റ്യൻ എൽ.പി & യു.പി സ്കൂൾ സമർപ്പിച്ച അപേക്ഷയിൽ സിസ്റ്റർ റെജി എ.എ യുടെ അപ്പോയിന്റ്മെന്റ് അംഗീകരിക്കാത്തതിനാൽ ഒന്ന് ,രണ്ട്

അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.അപ്പോയിന്റ്മെന്റ് അംഗീകരിക്കുന്ന മുറയ്ക്ക് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-6 പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടമുറിയിൽ നിന്നും വാടക ലഭിക്കുന്നില്ല

പഞ്ചായത്തിന്റെ കല്ലേറ്റുംകരയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ റൂം.നമ്പർ 1,2 ശ്രീ.എ.സി.സുബ്രമണ്യൻ വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. എന്നാൽ 01.06.15 ന് ശേഷം ഇദ്ദേഹം വാടക നൽകുകയോ കെട്ടിട മുറിയുടെ കരാർ പുതുക്കുകയോ ചെയ്തതായി കാണുന്നില്ല. ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി നം. 15 മുഖേന അന്വേഷിച്ചപ്പോൾ നിയമ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്. ആയതിനാൽ നിയമ നടപടികൾ ത്വരിതപ്പെടുത്തി കെട്ടിട മുറി പുനർലേലം ചെയ്ത് വാടക നഷ്ടം ഒഴിവാക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം - കുടിശ്ശിക അടച്ചിട്ടില്ല -9589586 രൂപ

കേരള വാട്ടർ അതോറിറ്റിയുടെ ബിൽ നം. 350-12/15-16 dtd. 8.12.15 ( പബ്ലിക്ക് ഹെൽത്ത് ഡിവിഷൻ, ഇരിങ്ങാലക്കുട) പ്രകാരം വെള്ളക്കരം ഇനത്തിൽ കുടിശ്ശികയായി 9405103/- രൂപയും പിഴയിനത്തിൽ 184483/- രൂപയും ഉൾപ്പെടെ 9589586/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു.

ഓഡിറ്റ് എൻക്വയറി പ്രകാരമുള്ള മറുപടിയിൽ 5/11 മുതൽ1/2014 വരെയുള്ള കുടിശ്ശികയാണ് ഇതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിലുള്ള പൊരുന്നകുന്ന് സ്കീം നിലവിൽ വാട്ടർ അതോറിറ്റിയാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. എന്നാൽ ഇതിന്റെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ആണ് അടക്കുന്നത്. ഈ സ്കീമിനുള്ള വാട്ടർ ടാപ്പിനുള്ള ഫീസ് പിരിക്കുന്നത് വാട്ടർ അതോറിറ്റിയുമാണ്. ആയതിനാൽ പ്രസ്തുത ടാപ്പുകളുടെ ടാക്സ് ഒഴിവാക്കിയോ അല്ലെങ്കിൽ വൈദ്യുതി ചാർജ്ജ് അടക്കുന്നത് വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയോ ചെയ്യണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിൽ തീരുമാനം ആകാത്തത് കൊണ്ടാണ് വെള്ളക്കരം അടയ്ക്കാതെ കുടിശ്ശികയായി കിടക്കുന്നതെന്ന് മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

ഇത്രയും ഭീമമായ തുക കുടിശ്ശികയായി കിടക്കുന്നതുമൂലം പിഴയിനത്തിൽ വൻ തുകയാണ് പഞ്ചായത്തിന് അടയ്ക്കേണ്ടി വന്നിരിക്കുന്നത്. കുടിശ്ശിക തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനനുസരിച്ച് പിഴതുകയും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ കുടിശ്ശിക

തീർപ്പാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

## 3-2 പൊതുടാപ്പുകളുടെ വിവരം - രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പൊതുടാപ്പുകളുടെ എണ്ണം, ഉപയോഗം ഇവ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇവ സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആകെ ടാപ്പുകളുടെ എണ്ണം , ജലം ലഭ്യമാകുന്ന ടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. ഈ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം. - | S00 11/16 | |
| ട്രഷറി ബിൽ നം. | 1/2015-16. dated 17.10.15. | ₹.50000/- |
| ട്രഷറി ബിൽ നം. | 2/15-16 dated 17.10.15. | ₹.50000/- |
| ഡി.ഡി. നം. | 456868 dated 17.10.15 | ₹. 50000/- |
| ഡി.ഡി. നം. | 456689 date 17.10.15 | ₹. 50000/- |

ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ഡി.ഡികൾ പ്രകാരമുള്ള തുക കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റിവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ടി സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടില്ല.മരുന്ന് എത്രയും വേഗം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭിച്ച് ആയത് സ്റ്റോക്കിലെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് മുഴുവനായി നൽകുന്നില്ല.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 18,200/- രൂപയാണ് സ്കോളർഷിപ്പ് ആയി നൽകേണ്ടിയിരുന്നത്. എന്നാൽ ഇവിടെ പ്രതിവർഷം 9900/- രൂപ മാത്രമേ നൽകി കാണുന്നുള്ളൂ. ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി 3 മൂലം അന്വേഷിച്ചപ്പോൾ ജില്ലാ പഞ്ചായത്ത് വിഹിതം ഒന്നും തന്നെ ലഭിച്ചില്ലായെന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 28.8% മാത്രമേ ലഭിച്ചുള്ളൂ എന്നുമാണ് മറുപടി ലഭ്യമായത്. ഇതിനെക്കുറിച്ച് കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും നടപടി

സ്വീകരിച്ചതായി കാണുന്നില്ല.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് നിശ്ചയിച്ച മുഴുവൻ തുകയും സ്കോളർഷിപ്പ് ആയി ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-5 കുടുംബശ്രീ മീഡിയശ്രീ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ S0 279/16 കുടുംബശ്രീ മീഡിയശ്രീ എന്ന പദ്ധതിയിലേക്കായി 65,000/- രൂപ (ഡിഡി നമ്പർ.455405) കുടുംബശ്രീ സംസ്ഥാന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയതായി കാണുന്നു. ഈ പണം ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി 14 മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. ആയതിനാൽ തുക 65000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 എസ്.സി./എസ്.ടി വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല.

നടപ്പ് സാമ്പത്തിക വർഷത്തിൽ എസ്.സി. വിഭാഗങ്ങൾക്കായി അമ്പത്തിയഞ്ച് പദ്ധതികളിലൂടെ 13446853/- രൂപ പദ്ധതി തുകയായി വകയിരുത്തിയിരുന്നെങ്കിലും ആകെ 35 പദ്ധതികളിലായി 7226580/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. അതായത് പദ്ധതി തുകയുടെ 53% മാത്രം.

ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി 2 മുഖേന അന്വേഷിച്ചപ്പോൾ ലഭിച്ച മറുപടി ഗുണഭോക്താക്കളെ ലഭിക്കാതിരുന്നതും പ്രൊജക്ടുകൾക്ക് എഗ്രിമെൻറ് ലഭിക്കാതിരുന്നതും മൂലം എന്നാണ്. മറുപടി തൃപ്തികരമല്ലെന്നും കാണുന്നു.

കാലങ്ങളായി സമൂഹത്തിൽ പാർശ്വവൽക്കരിപ്പെട്ടവരും സാമ്പത്തികമായി അവശതയനുഭവിക്കുന്നവരുമായവരുടെ ഉന്നമനത്തിനായി ഗവൺമെൻറ് നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-7 കൈപറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ കൈപറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| പ്രോജക്ടിന്റെ പേര് നം. | ട്രഷറി ബിൽ നം തിയതി, തുക | തുക നൽകപ്പെട്ടിട്ടുള്ളത് | റിമാർക്ക്സ് |
|---|---|---|---|
| എസ്.എസ്.എ. വിഹിതം<br>S00 2/16 | 27/15-16.<br>16.1.16.<br>550087/- | പ്രോജക്ട് ഓഫീസർ<br>SSA തൃശ്ശൂർ | 2014-15 ലെ ബാക്കി തുക 8654+ 541433 (15-16 ലെ വിഹിതം) |
| കേരള സാമൂഹ്യ സുരക്ഷാമിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന<br>S00 10/16 | 28/15-16<br>16.1.16.<br>300000/- | എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സാമൂഹ്യ സുരക്ഷാമിഷൻ,<br>തിരുവനന്തപുരം. | രേഖകൾ ഹാജരാക്കിയിട്ടില്ല. |

മുകളിൽ ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക്ഹാജരാക്കാത്തതിനാൽ ചെലവ് തുക 850087/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 പൊതുമരാമത്തു പ്രവൃത്തികൾ -മാർഗ്ഗ രേഖ നിർദ്ദേശം പാലിച്ചിട്ടില്ല.

എ). സ.ഉ(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ./16.11.13 അനുബന്ധം 16.7.11(i) 1, 2, 3 എന്നിവ പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന ചെയ്യുവാൻ അനുവദനീയമായിട്ടുള്ള പ്രവൃത്തികൾ, സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കായി ചെയ്യാവുന്ന പ്രവൃത്തികൾ, ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കാൻ തയ്യാറാകുന്ന 15 ലക്ഷത്തിൽ അധികരിക്കാത്ത അടങ്കൽ തുകയുള്ള പ്രവൃത്തികൾ എന്നിവ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ, 8.6.2015ലെ 184(4)/2015 കമ്മിറ്റി തീരുമാനം പ്രകാരം 3,8 വാർഡുകളിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനും ബാക്കി വാർഡുകളിൽ പ്രവൃത്തികൾ ഗുണഭോക്തൃസമിതിയെ ഏല്പിക്കുവാനും തീരുമാനിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 170 പ്രവൃത്തികളിൽ 137 പ്രവൃത്തികൾ ഗുണഭോക്തൃ സമിതിയെ ഏല്പിക്കുകയാണുണ്ടായത്. 33 പ്രവൃത്തികൾ മാത്രമാണ് ടെണ്ടർ പ്രകാരം ചെയ്തിട്ടുള്ളത്. ഇത്ര അധികം പ്രവൃത്തികൾ ഗുണഭോക്തൃസമിതിയെ ഏല്പിച്ചതിനും പ്രവൃത്തികൾ ടെണ്ടർ ചെയ്യാതിരുന്നതിനും ഉണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ബി.) ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1) പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തികശേഷിയും സാങ്കേതിക-സംഘാടന പരിചയവും ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം മാത്രമേ ഗുണഭോക്തൃസമിതികളെ പ്രവൃത്തികൾ ഏല്പിക്കാവൂ (സ.ഉ(എം.എസ്.)362/2013/ത.സ്വ.ഭ.വ/ 16.11.13 അനുബന്ധം16,7.11.3). എന്നാൽ ഇത്തരത്തിൽ ഒരു തെരഞ്ഞെടുപ്പ് പഞ്ചായത്തിൽ നടത്തിയതായി കാണുന്നില്ല.

2) ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെ ആയിരിക്കേണ്ടതും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. (മേൽ ഉത്തരവ് ഖ.6). എന്നാൽ ഇത്തരത്തിൽ ഒരു സാക്ഷ്യപത്രം സെക്രട്ടറി നല്കിയിട്ടില്ല.

3) ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പാക്കുന്ന 5ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള പ്രവൃത്തികളിൽ സാങ്കേതിക മേന്മ ഉറപ്പ് വരുത്തുന്നതിലേക്ക് സിവിൽ എഞ്ചിനീയറിംഗിൽ ഡിഗ്രി/ഡിപ്ലോമ നേടിയ ഒരു സാങ്കേതിക വിദഗ്ധനെ ഗുണഭോക്തൃസമിതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.9). എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. (ഉദാ: ₹ 1300000 അടങ്കലുള്ള അംഗൻവാടി പുനരുദ്ധാരണം, പതിക്കാട് അംഗൻവാടി കറന്റ് കണക്ഷൻ W 16).

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-9 അംഗൻവാടി പുനരുദ്ധാരണം, പതിക്കാട് അംഗൻവാടി കറന്റ് കണക്ഷൻ (വാർഡ്.16) - വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | -202/15 |
| അടങ്കൽ | - 13,00,000 |
| എഗ്രിമെന്റ് നം. | -58/14-15 dtd.5.11.14. |
| കൺവീനർ | - എൽസി.സി.ഒ. ചിറയത്ത്. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - അസി.എഞ്ചിനിയർ |
| എം.ബി. നം. | -83/14-15 |
| ട്രഷറി ബിൽ നം. | -116/15-16 dtd. 29.3.16. ₹508884/- |
| ഡി.ഡി. നം. | -108933. Dtd. 31.3.16. ₹.470477/- |

ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കിയ മേൽ പ്രോജക്റ്റിൽ ഗുണഭോക്തൃ സമിതി രൂപീകരണം, ഗുണഭോക്തൃ സമിതി മിനിട്ട്സ്, വരവ്-ചെലവ് കണക്കുകൾ,മിനിട്ട്സ് ബുക്ക്, വൗച്ചറുകൾ,ബില്ലുകൾ,മസ്റ്റർ റോളുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.കൂടാതെ സ.ഉ.(എം.എസ്) നം.362/2013 dated 16.11.2013 അനുബന്ധം16 ഖണ്ഡിക 7-11 6, പ്രകാരം ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അനുബന്ധം16 ഖ.7-11 -9പ്രകാരം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന 5 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള പ്രവൃത്തികൾ സാങ്കേതിക മേന്മ ഉറപ്പ് വരുന്നതിലേക്കായി ഒരു സാങ്കേതിക വിദഗ്ദ്ധനെ ഗുണഭോക്തൃ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മുകളിൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവ് തുക 508884/- തടസ്സപ്പെടുത്തുന്നു.

## 3-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2015-16 വർഷം 3209 കുടുംബങ്ങൾ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1204 കുടുംബങ്ങൾക്കാണ് തൊഴിൽ നല്കിയിട്ടുള്ളത്. രജിസ്റ്റർ ചെയ്തതിൽ പകുതി കുടുംബങ്ങൾക്ക് പോലും തൊഴിൽ ലഭിച്ചിട്ടില്ല. 13715558/- രൂപയാണ് ഈ വർഷം ആകെ ചെലവഴിച്ചിട്ടുള്ളത്. കൂടുതൽ കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും അതുപോലെ കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്ന രീതിയിലുള്ള പ്രോജക്ടുകളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 437043 |
| തൻവർഷം നിക്ഷേപിച്ച തുക | 42582 |
| ആകെ | 479625 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 479625 |

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-2014 | 3-2 | 11532 | അസി.എഞ്ചിനീയർ | 11509100978/5.05.15 |
| | 3-1 | 19032 | അസി.എഞ്ചിനീയർ | 11509101890/9.11.15 |
| | 3-1 ബി | 50000 | അസി.എഞ്ചിനീയർ | 11509105165/9.11.15 |
| | 3-1 ബി | 50000 | അസി.എഞ്ചിനീയർ | 11509105731/8.12.15 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹52478208 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹74086624 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹4050 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 1523971 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 2709 | | രാജു എൻ.പി , സെക്രട്ടറി (ചാർജ്ജ്) |
| 2-2 | 1341 | | മിനി.കെ , സെക്രട്ടറി |
| ആകെ | 4050 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 100000 | ഡോ. മനീഷ , മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-5 | 65000 | വി.ഇ.ഒ |
| 3-7 | 850087 | മിനി.കെ , സെക്രട്ടറി |
| 3-9 | 508884 | ഫ്രാൻസിസ് വർഗ്ഗീസ് ,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | **1523971** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| രാജു എൻ.പി , സെക്രട്ടറി (ചാർജ്ജ്) | ജെ.എസ് , മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | ഞെരിഞ്ഞാമ്പിള്ളി ഹൗസ്, ഇഞ്ചക്കുണ്ട് പി.ഒ, തൃശ്ശൂർ - 680312 |
| മിനി.കെ , സെക്രട്ടറി | റിട്ടയേർഡ് | നിസരി, വെളിയംപറമ്പത്ത്, തെക്കേമഠം, അളഗപ്പനഗർ പി.ഒ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1982-83 | എൽ.എഫ്.ടി.എസ് 2-11/24.10.2011 | |
| 1983-84 | | |
| 1984-85 | | |
| 1985-86 | | |
| 1986-87,87-88 | | |
| 1988-89,89-90 | | |
| 1990-91 | | |
| 1991-92,92-93 | | |
| 1993-94 | | |
| 1994-95,1995-96 | | |
| 1996-97(ചെലവ്) | എൽ.എഫ്.ടി.13-656/97 /15.6.1999/20.9.1999 | |
| 1996-97(വരവ്) | എൽ.എഫ്.ടി.13-919/02 /8.8.2002/27.1.2003 | |
| 1997-98(ചെലവ്) | എൽ.എഫ്.ടി.13-208/99 /19.6.1999/20.9.1999 | |
| 1997-98(വരവ്) | എൽ.എഫ്.ടി.13-373/04 /1.6.2004/14.9.2004 | |
| 1998-99(ചെലവ്) | എൽ.എഫ്.ടി.13-58/01/10.4.2001 | |

| | | |
|---|---|---|
| | /13.5.2001 | |
| 1998-99(വരവ്) | എൽ.എഫ്.ടി.13-1482/07 /22.10.2007/4.12.2007 | |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.13-247/03 /16.6.2003/17.9.2003 | |
| 1999-2000(വരവ്) | എൽ.എഫ്.ടി.13-1482/07 /22.10.2007/4.12.2007 | |
| 2000-01 | എൽ.എഫ്.ടി.13-1483/07 /7.12.2007/3.1.2008 | |
| 2001-02 | എൽ.എഫ്.ടി.13-595/08 /1.11.2008 | |
| 2000-01,01-02(പ്ളാൻ) | എൽ.എഫ്.ടി.13-1544/03 /3.6.2004 | |
| 2002-03 | എൽ.എഫ്.ടി.13-640/08 /5.11.2008 | |
| 2003-04 | എൽ.എഫ്.ടി.13-11/09/21.12.2009 | |
| 2004-05 | എൽ.എഫ്.ടി.13-12/09 /21.12.2009/26.3.2010 | |
| 2005-06 | എൽ.എഫ്.ടി.13-1306/09 /17.9.2010 | |
| 2006-07 | എൽ.എഫ്.ടി.13-879/09 /17.9.2009 | |
| 2007-08 | എൽ.എഫ്.ടി.പി14-693/11 /30.12.2011/18.5.2012 | |
| 2008-09 | എൽ.എഫ്.ടി.പി 4-1011/12 /6.9.2012 | |
| 2009-10 | എൽ.എഫ്.ടി.പി 4-1012/12 /6.9.2012 | |
| 2010-11 | എൽ.എഫ്.ടി.പി 4-1013/12 /6.9.2012/2.3.13 | |
| 2011-12 | എൽ.എഫ്.ടി.പി 4-1169/13 /9.1.2014/4.3.2014 | |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.ടി.പി 4-585/14 /7.5.14/4.7.14 | |
| 2013-14 | എൽ.എഫ്.ടി.പി 4-1885/2014 /5.02.15 | |
| 2014-15 | എൽ.എഫ്.ടി.പി 4-925/16 /16.06.16 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ ജില്ല

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4 )1995/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ. PIN 680 020

തിയ്യതി 22.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P4) 1995/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 22.11.16

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Aloor Grama panchayath in Thrissur District for the year ended on 31.03.2016 in accordance with

Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions. In my opinion, the Financial Statements of Aloor Grama Panchayat for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,Thrissur.